## സിറ്റിസൺ അദാലത്ത്

## പ്രൊസീഡിംഗ്സ് നമ്പർ- TLIDK30577000001 / IVO -3, LSGD ,Idukki dtd 23.07.24

2013 ൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ റിസോർട്ട് നിർമ്മിക്കുന്നതിന് വേണ്ടി അപേക്ഷ നൽകുകയും ടൌൺ പ്ലാനിംഗ് , ഫയർ NOC , പൊല്യൂഷൻ NOC , നിജസ്ഥിതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി 2014 ൽ ബിൽഡിംഗ് പെർമിറ്റ് ലഭിച്ച് KFC /യുടെ സഹായത്തോടെ 80 ശതമാനം പണി പൂർത്തിയാക്കി. 2016 ൽ റവന്യൂ NOC ഇല്ലാത്തതിനാൽ സ്റ്റോപ്പ് മെമ്മോ നൽകി 5 വർഷത്തോളം പണി മുടങ്ങി. തുടർന്ന് 2021 ൽ ബഹു. കേരള ഹൈക്കോടതി വിധി പ്രകാരം ശേഷിച്ചിരുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫയർ NOC Consant to Operate , PCB Certificate, GST Registration, Current Connection, Land Tax Receipt, Possession Certificate എന്നിവ കോടതി ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. 25.09.23 ൽ മേൽ പറഞ്ഞ രേഖകൾ സഹിതം പഞ്ചായത്തിൽ അപേക്ഷനൽകിയെങ്കിലും റവന്യൂ NOC ഇല്ലാത്ത കാരണത്താൽ തുടർ നടപടി സ്വീകരിച്ചില്ല എന്നതാണ് പരാതി സംഗതി.

## സെക്രട്ടറിയുടെ റിപ്പോർട്ട്

പള്ളിവാസൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 15 ൽ സർവ്വേ നമ്പർ 11-4 ഉൾപ്പെട്ട വസ്തുവിൽ പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി & കെട്ടിട നമ്പർ എന്നിവ ലഭിക്കുന്നതിന് വേണ്ടിയാണ് 25.09.2023 ൽ ശ്രീ. വർഗ്ഗീസ് കര്യൻ, മാടപ്പറമ്പിൽ റിസോർട്ട് ടണൽ റോഡ്, Near Tea Factory പള്ളിവാസൽ റോഡ് എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ബഹു. കേരള ഹൈക്കോടതിയുടെ WP(c) 18012010 & WP(c) 34095/2009 നമ്പർ കേസിലെ 21.10.2010 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവികുളം RDO 26.05.2016 ൽ പുറപ്പെടുവിച്ച B6 – 638/2016 നമ്പർ ഉത്തരവ് പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ

പള്ളിവാസൽ, ആനവിരട്ടി വില്ലേജുകളിൽപ്പെട്ട പ്രദേശങ്ങളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും റവന്യു വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം നിർബന്ധമാണ്. ഈ സാഹചര്യത്തിൽ ശ്രീ. വർഗ്ഗീസ് കുര്യൻ ബഹു. ഹൈക്കോടതിയെ സമീപിച്ച് പ്രത്യേക ഉത്തരവ് ലഭ്യമാക്കിയ ശേഷമാണ് ടി. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത് എന്നും . ഈ ഉത്തരവ് പര്കാരം ടി കെട്ടിടത്തിന് ഒക്യുപ്പൻസിയും നമ്പറും നൽകുന്നതിന് കോടതിയുടെ ഉത്തരവ് ആവശ്യ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

**തീരുമാനം**

പരാതി സംഗതിയും സെക്രട്ടറിയുടെ റിപ്പോർട്ടും അദാലത്ത് സമിതി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ 11.08.2021 തീയതിയിലെ Cont. Case No. 598 ഉത്തരവിലെ 5-ാം ഖണ്ഡിക താഴെ ചേർക്കുന്നു.

But this Court cannot ignore the fact that District Plan prepared under the Disaster Management Act is on pipe line and this Court in WP© No. 23002/2017 directed The District Collector, Idukki to implement the district plan under the Disaster Management Act. Since delay is involved in taking decission on granting lease. I am of the view that the petetioner can be permitted to complete the remaining work . Any work now undertaken will be subject to an action being under taken by the District Collector under the Dissater Management Act. The petetioner also cannot claim any equity mearly based on the permission granted by this Court. The use and occupation of the building will be subject to the final outcome of The Goverment decission in regard to granting of lease . If the conditions as above are acceptable to the petetioner, the petetioner is permitted to finish the existing structure. Before occupation or use of the building the petetioner shall have the permission of this Court.

മേൽ ഖണ്ഡികയിൽ പറഞ്ഞ പ്രകാരം , ശ്രീ. വർഗ്ഗീസ് കുര്യൻ പണിത കെട്ടിടത്തിന് ഒക്യുപ്പൻസിയും നമ്പരും നൽകുന്നതിന് ബഹു. കേരള

ഹൈക്കോടതിയുടെ അനുവാദം ആവശ്യമായിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 18.06.2024 തീയതിയിലെ WP(c) No. 34095 of 2007 ഉത്തരവിൽ മാടപ്പറമ്പിൽ വീട്ടിൽ കുര്യൻ മകൻ വർഗ്ഗീസ് കുര്യൻ മാടപ്പറമ്പിൽ റിസോർട്ട് എന്ന സ്ഥാപനത്തിന് ബിൽഡിംഗ് നമ്പറോ ഒക്യൂപ്പൻസിയോ നൽകരുതെന്ന് നിർദ്ദേശിച്ച സാഹചര്യത്തിൽ ശ്രീ. വർഗ്ഗീസ് കുര്യന്റെ അപേക്ഷ അദാലത്ത് സമിതി നിരസിച്ച് തീരുമാനിച്ചു.

പി.എം. അബ്ദുൾ സമദ്,

ഇന്റേണൽ വിജിലൻസ് ഓഫീസർ 2& 3,

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

ABDULSAMAD P.M.
PEN
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603